കേരള സർക്കാർ

സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ് - ഐ.ടി.ഐ./ ഐ.ടി.സി.കളിൽ എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ പരിശീലനം നേടി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ വിജയിച്ചവർക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.റ്റി.) സർട്ടിഫിക്കറ്റ് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.റ്റി) നൽകുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിന് തുല്യമായി സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് പരിഗണിച്ച് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

തൊഴിലും പുനരധിവാസവും (ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി)നം.2766/05/തൊഴിൽ. തീയതി, തിരുവനന്തപുരം, 01.10.2005

================================================================

പരാമർശം:- 1) ഡബ്ലിയു.പി.(സി)നമ്പർ.9776/04-ൻമേൽ ബഹു. കേരള ഹൈക്കോടതിയുടെ 17.9.04-ലെ ഉത്തരവ്.

2) ഡബ്ലിയു.പി.(സി) നമ്പർ.38305/03-ൻമേൽ ബഹു. കേരള ഹൈക്കോടതിയുടെ 19.8.2004-ലെ ഉത്തരവ്.

3) ഡബ്ലിയ്യു.പി.(സി) നമ്പർ.18933/2004-ൻമേൽ ബഹു. കേരള ഹൈക്കോടതിയുടെ 19.11.2004-ലെ ഉത്തരവ്.

4)ഒ.പി.നം19460/02-ൽ ബഹു.കേരള ഹൈക്കോടതിയുടെ 22.11.04-ലെ വിധിന്യായം.

5) വ്യാവസായിക പരിശീലന വകുപ്പു ഡയറക്ടറുടെ 15.12.04-ലെ ഐ1-4300/01(1) നമ്പർ കത്ത്.

6) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിക്കയച്ച 25.2.05-ലെ 13868/ഡി3/03/തൊഴിൽ നമ്പർ സർക്കാർ കത്ത്.

7) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 1.8.05-ലെ എ8 (2) 23593/03/ജി.ഡബ്ലിയു നമ്പർ കത്ത്.

## ഉത്തരവ്

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ.ടി.ഐ./ ഐ.ടി.സി.കളിൽ എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ പരിശീലനം നേടി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് വിജയിച്ച് പുറത്തിറങ്ങിയ ട്രെയിനികൾക്ക്, നാഷണൽ

...2

ട്രേഡ് സർട്ടിഫിക്കറ്റ് നല്കുവാൻ നിർവ്വാഹമില്ല. ഡി.ജി.ഇ.റ്റി., ന്യൂഡൽഹി നടത്തുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ അഫിലിയേഷൻ ലഭിച്ച ഐ.ടി.ഐ.കളിലെ കുട്ടികൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുത്തു വിജയിച്ച ട്രെയിനികൾക്ക് ട്രേഡിന് അഫിലിയേഷൻ ഇല്ലാത്ത കാരണത്താൽ എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റും ലഭിക്കുന്നു. എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റ് പല വകുപ്പുകളും അംഗീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ട്രെയിനികൾക്ക് സർക്കാർ സർവ്വീസിലും മറ്റും നിയമനങ്ങൾക്ക് അവസരം നഷ്ടപ്പെടുകയാണ്. പരാമർശം 1 മുതൽ 4 വരെയുള്ള ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവുകളിലും വിധിന്യായങ്ങളിലും ഐ.ടി.ഐ./ഐ.ടി.സി.കളിൽ പരിശീലനം നേടി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് വിജയിച്ച ശേഷം എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ ലഭിക്കത്തക്കവണ്ണം സംസ്ഥാന സർക്കാർ നല്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് സർട്ടിഫിക്കറ്റ്, കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിന് തുല്യമായി പരിഗണിക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

2. എസ്.സി.വി.റ്റി.യുടെ 12.10.04-ൽ കൂടിയ യോഗത്തിൽ ഐ.ടി.ഐ./ഐ.ടി.സി.കളിൽ പരിശീലനം നേടി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ വിജയിച്ചവർക്ക് എൻ.സി.വി.റ്റി/ഡി.ജി.ഇ.റ്റി അഫിലിയേഷൻ ലഭിക്കാത്തതിനാൽ സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റിന് തുല്യമായി പരിഗണിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സർക്കാരിനോട് ശുപാർശ ചെയ്യു.

3. മേൽ സാഹചര്യത്തിൽ ഐ.ടി.ഐ./ഐ.ടി.സി.കളിൽ പരിശീലനം നേടി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് വിജയിച്ചവർക്ക് എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കാത്തതിനാൽ സംസ്ഥാന സർക്കാർ നല്കിയിട്ടുള്ള എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റ് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള എൻ.സി.വി.റ്റി. നല്കുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിന് തുല്യമായി സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് പരിഗണിക്കുന്നതിന് പരാമർശം 6 പ്രകാരമുള്ള സർക്കാർ നിർദ്ദേശം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചതായി പരാമർശം 7-ലെ കത്തുപ്രകാരം കമ്മീഷൻ സെക്രട്ടറി സർക്കാരിനെ അറിയിച്ചു.

4. മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ./ഐ.ടി.സി.കളിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ പ്രവേശനം നൽകുകയും അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുത്ത് വിജയിക്കുകയും പ്രൊവിഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ നൽകുകയും എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തവർക്ക് സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് പ്രസ്തുത സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാർ നൽകുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിന് തുല്യമായി പരിഗണിച്ച് അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. മോഹനൻ,
അഡീഷണൽ സെക്രട്ടറി.

വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം (ആമുഖകത്തു സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്/ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (റൂൾസ്) വകുപ്പ് (നമ്പർ.1895/ആർ2/05/ഉഭപവ
തീയതി.18.2.03 പ്രകാരം)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Babu B

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERALA

**Abstract**

Industrial Training Department – Recognition of S.C.V.T. Certificate, issued to trainees who have passed the All India Trade Test after undergoing training in trades not affiliated to N.C.V.T. conducted by ITIs/ITCs on par with the N.C.V.T. Certificate, for considering appointments in Government/Quasi Government/Public Sector undertakings approved - Orders issued.

---

**Labour & Rehabilitation (C) Department**

**G.O.(Rt) No. 2766/05/LBR. Dated, Thiruvananthapuram, 1.10.2005.**

Read: -
1. Order dated, 17.9.2004 of the Hon'ble High Court of Kerala in W.P. (C) No. 9776/04.
2. Order dated 19.8.2004 of the Hon'ble High Court of Kerala in W.P. (C) No. 38305/03.
3. Order dated 19.11.2004 of the Hon'ble High Court of Kerala in W.P. (C) No. 18933/2004.
4. Judgment dated 22.11.2004 of the Hon'ble High Court of Kerala in O.P. No. 19460/02.
5. Letter No. I-1 - 4300/01 (1) dated 15.12.2004 of the Director of Industrial Training Department.
6. Government Letter No. 13868/D3/LBR dated 25.2.2005 addressed to the Secretary, Kerala Public Service Commission.
7. Letter No. A8(2) 23593/03/GW dated 1.8.2005 of the Secretary, Kerala Public Service Commission.

**ORDER**

As per the existing procedure, National Trade Certificates (NTC) are not awarded to trainees who have passed the All India Trade Test after undergoing training in trades which are not affiliated by NCVT but conducted by ITIs/ITCs under Industrial Training Department those who have undergone training in the affiliated ITIs are awarded with NTCs and those who have undergone training in the unaffiliated ITIs with State Council for Vocational Training (SCVT) Certificates. As the SCVT Certificates are not recognised by many Departments, those who possess this Certificate lose many opportunities of getting appointments in Government and other services. The Hon'ble High Court of Kerala vide judgments and orders read as 1 to 4 above have directed Government to consider the SCVT Certificates issued by the State Government, on par with the National Trade Certificates issued by the Central Government, in appointments in Government Institutions and Public Sector undertakings controlled by Government.

The S.C.V.T meeting which held on 12.10.2004 had recommended Government to take appropriate action to consider those who had passed the All India Trade Test, but were awarded with S.C.V.T. Certificates by the State Government just because of their training in the unaffiliated trades, on par with N.C.V.T. Certificate holders, for appointments in Government/Quasi Government institutions and Public Sector Undertakings.

The Secretary, Kerala Public Service Commission, vide letter read as 7th above, have informed Government that the proposal of Government contained in the 6th paper read above, for considering those, who had passed the All India Trade Test, but were awarded with S.C.V.T. Certificates, just because of their training in the trade were not certified by NCVT on par with those who hold National Trade Certificates issued by the Ministry of Labour, New Delhi for appointments in Government/Quasi Government institutions/Public Sector undertakings, has been accepted.

Government examined the matter in detail and are pleased to issue orders recognizing the S.C.V.T. Certificate holders who have undergone training in the trade not affiliated to N.C.V.T. and conducted by ITIs/ITCs but have passed the All India Trade Test and who were awarded with Provisional National Trade Certificates (PNTCs), as equivalent with those who hold NTC for appointments in the State Government/Quasi Government Institutions/Public Sector undertakings.

(By Order of the Governor)
**C. MOHANAN,**
Additional Secretary to Government.

To

The Director of Training, Thiruvananthapuram.
The Secretary, Kerala Public Service Commission, Pattom, Thiruvananthapuram (with Covering Letter).
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E)/(D.B. Cell), Kerala, Thiruvananthapuram.
The Advocate General, Eranakulam (With Covering Letter).
Personnel and Administrative Reforms (Rules) Department (No. 1895/RL/05 P&ARD dated 18.2.2003).
The Stock File/ Office Copy.

Forwarded/By Order.

Section Officer.

(True copy)

**Endt.No:C4/1207/07**

S. Malathy

Directorate of Training,
Thycaud, Thiruvananthapuram-14,
Dated: 04/11/08

Copy communicated to ADT/JDT/DD(P)/DD(T)/Dy.SAA/All Section Superintendent and All Unit.